മെഷേഴ്സിനുവേണ്ടിയുള്ള സംഖ്യ സാധാരണ ഗതിയിൽ പ്ലാൻ എക്സ്പെൻഡിച്ചറായിട്ട് വരുന്നില്ലായെന്നുള്ളതുകൊണ്ട് നമ്മുടെ വരുമാനത്തെ സംബന്ധിച്ച് ആ നിലയിൽ കണക്കാക്കി എന്നുള്ളതാണ് സത്യം. മറന്ന് സ്റ്റേറ്റുകളും ആ നിലയിൽ അല്ല കണക്കാക്കുന്നത്. നമ്മുടെ വിദ്യാഭ്യാസത്തിന്റെ ചെലവായാലും, ആരോഗ്യവകുപ്പിനുവേണ്ടിയുള്ള ചെലവായാലും മറന് സ്റ്റേറ്റുകളെ അപേക്ഷിച്ച് നോക്കുമ്പോൾ നമ്മൾ വളരെ അഡ്വാൻസായിട്ട് പോയിരിക്കുന്നു. നമ്മുടെ കമ്മിറന്മെൻറ് വളരെ കൂടുതലാണ്. ആ കമ്മിറന്മെൻറിൽനിന്നും നമുക്ക് പുറകോട്ട് പോകാൻ സാദ്ധ്യമല്ല. ആ കമ്മിറന്മെൻറുള്ളതുകൊണ്ട് മറന് രംഗങ്ങളിലേക്ക് കടക്കാൻ കേരളത്തിന്റെ റിസോർസസിന് പരിമിതിയുണ്ട്, നികുതിയിതര വരുമാനമാണ് നമുക്ക് വേണ്ടത്. നമുക്ക വ്യവസായങ്ങളുടെ കുറവുണ്ടായിരുന്നു, ആ കുറവ് കാലാന്തരത്തിൽ നികത്തി വരികയാണ്. അതു മൂലം മാത്രമേ റിസോർസസ് വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ.

ശ്രീ. എ. സി. ഷൺമുഖദാസ് : മുഖ്യമന്ത്രി ഇവിടെ സമർത്ഥിക്കുവാൻ ശ്രമിക്കുന്നത് കേന്ദ്ര വിഹിത ശതമാനത്തിന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം മുന്നിൽ നില്ക്കുന്നുവെന്നാണ്. നമ്മുടെ സ്റ്റേറ്റിലുള്ള തൊഴിലില്ലായ്മ തുടങ്ങിയ പ്രശ്നങ്ങൾ രൂക്ഷമാവുകയാണ്. കിട്ടിയ സംഖ്യയെ സംബന്ധിച്ചിടത്തോളം ഈവിടത്തെ ഇൻവെസ്റ്റുമെൻറ് കുറയുകയും ചെയ്യുന്നു. അങ്ങനെയാണെങ്കിൽ ഈ പദ്ധതിക്കാലത്ത് നമ്മുടെ ഭൗതിക ലക്ഷ്യത്തിന് പിന്നോട്ടു മാത്രമല്ലേ ഗതിയുണ്ടാവുകയുള്ളൂ. മുന്നോട്ടു പോകാമെന്ന് പ്രതീക്ഷിക്കാൻ കഴിയുമോ ?

ശ്രീ. കെ. കരുണാകരൻ : ഇൻവെസ്റ്റ്മെൻറിനെ സംബന്ധിച്ചിടത്തോളം നമ്മുടെ 6-ാം പദ്ധതിയുടെ പ്ലാൻ 1.8 ശതമാനം ആയിരുന്നുവെങ്കിൽ ഇന്നത് 2.7 ശതമാനമായിട്ട് 7-ാം പദ്ധതിയുടെ പ്ലാനിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ് : മൊത്തം വികസന പ്രവർത്തനത്തിൽ കേരളത്തിന്റെ ഗതി മുന്നോട്ടല്ല പിന്നോട്ടാണ് എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. കരുണാകരൻ : സംഖ്യയുടെ അടിസ്ഥാനത്തിലും അനുവേത്തിന്റെ അടിസ്ഥാനത്തിലും പിന്നോട്ടല്ല.

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ

* 3. [3] ശ്രീ. പന്തളം സുധാകരൻ :
,, കെ. കെ. തോമസ് :
,, കെ. രാഘവൻ മാസ്റ്റർ :
,, സിദ്ധാർത്ഥൻ കട്ടുങ്ങൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏത് സ്കീമനുസരിച്ചാണ് ഇത് നടപ്പിലാക്കുന്നത് ;

(സി) ഓരോ ജില്ലയിലും എത്ര കേന്ദ്രങ്ങൾ വീതം ആരംഭിക്കും ;

(ഡി) ആദിവാസികൾ അധിവസിക്കുന്ന പ്രദേശങ്ങൾ കേന്ദ്രീകരിച്ച് കൂടുതൽ ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) സംസ്ഥാനത്ത് പുതുതായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങാനുദ്ദേശമുണ്ട്.

(ബി) അവശ്യാവശ്യ പരിപാടി അനുസരിച്ച്.

(സി) എത്ര കേന്ദ്രങ്ങൾ ആരംഭിക്കണമെന്നുള്ളത് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) ധനലഭ്യതയ്ക്ക് വിധേയമായി പരിഗണിക്കാവുന്നതാണ്.

ശ്രീ. കെ. കെ. തോമസ് : ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ട് III അനുസരിച്ച് ഇടുക്കി ജില്ലയുൾപ്പെടെയുള്ള നാല് ജില്ലകളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ പണിയുന്ന നടപടികൾ നിറുത്തിവയ്ക്കുന്നതിന് ഉദ്ദേശിക്കുന്നതായി അറിഞ്ഞു. അങ്ങനെയാണെങ്കിൽ അത് പുനഃപരിശോധിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ നിറുത്തലാക്കാൻ പോകുന്നില്ലെന്നാണ് കിട്ടിയിടത്തോളം ഉള്ള വിവരം. അത് വിപുലപ്പെടുത്തുവാൻ പോകുന്നുവെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്.

ശ്രീ. കെ. കെ. തോമസ് : ഇരുപതിനായിരം ജനങ്ങൾക്ക് ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രമെന്നുള്ളതാണ് നമ്മുടെ ആരോഗ്യ വകുപ്പിന്റെ ലക്ഷ്യം. ഇരുപതിനായിരത്തിലധികം ജനസംഖ്യയുള്ള പഞ്ചായത്തുകളിലെ ഡിസ്പെൻസറികൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഇത് അപ്ഗ്രേഡ് ചെയ്യുവാൻ ഉദ്ദേശമില്ല. പബ്ലിക് ഹെൽത്ത് സെന്ററിന്റെ പാറോൺ എന്ന് പറയുന്നത്, ഇരുപതിനായിരം മുതൽ മുപ്പതിനായിരം വരെ ജനസംഖ്യയുള്ള ഏരിയായിൽ ഒരു പബ്ലിക് ഹെൽത്ത് സെന്റർ എന്നുള്ളതാണ്. അത് ഒരു പൊതുവായ പാറോണാണ്. പ്രൈമറി ഹെൽത്ത് സെന്ററിനെ സംബന്ധിച്ചിടത്തോളം പ്രൈമറി ഹെൽത്ത് സെന്റേഴ്സൊക്കെ പബ്ലിക് ഹെൽത്ത് സെന്റേഴ്സാക്കി മാറ്റുകയാണ്. കാരണം, ഇപ്പോഴുള്ള വ്യവസ്ഥയനുസരിച്ച് പ്രൈമറി ഹെൽത്ത് സെന്ററും ഡിസ്പെൻസറിയും രണ്ടും രണ്ടാണ്. അവ തമ്മിലുള്ള വ്യത്യാസം ഞാൻ പറയാം. പ്രൈമറി ഡിസ്പെൻസറിയെന്ന് പറയുന്നത്, അവിടെ വരുന്ന രോഗികളെ ചികിൽസിക്കുകയെന്നുള്ളതും പ്രൈമറി ഹെൽത്ത് സെന്ററെന്ന് പറയുന്നത് രോഗികളുടെ വീടുകളിൽ ചെന്ന് പരിശോധിച്ച് ചികിൽസിക്കുക മാത്രമല്ല രോഗികൾക്ക് രോഗപ്രതിരോധ വിവരങ്ങളുംകൂടി നൽകുകയുമാണ്. ഇപ്പോഴുള്ള മുഴുവൻ ഡിസ്പെൻസറികളും പ്രൈമറി ഹെൽത്ത് സെന്ററുകളാക്കി മാറ്റുകയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഇന്നാരംഭിച്ചിട്ടുള്ള പ്രൈമറി ഹെൽത്ത് സെന്ററുകളിൽ പലതിലും വേണ്ടത്ര സ്റ്റാഫോ, മരുന്നോ ലഭിക്കുന്നില്ലെന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതുകൊണ്ട് ഇരുപതിനായിരംപേർക്ക് ഒരു ഹെൽത്ത് സെന്റർ തുടങ്ങുന്നതിനുമുമ്പായി നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആവശ്യമായ കെട്ടിടങ്ങളും സ്റ്റാഫും മരുന്നും ഒക്കെ നൽകി പ്രവർത്തനക്ഷമമാക്കാൻ വേണ്ട നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : സ്റ്റാഫില്ലെന്നുള്ള പരാതി കിട്ടുന്ന സ്ഥലങ്ങളിലൊക്കെ നിയമനം നടത്തുന്നുണ്ട്. മുമ്പൊരവസരത്തിൽ ഞാൻ സൂചിപ്പിച്ചതുപോലെ ഡോക്ടർമാരെ നിയമിച്ചുകഴിഞ്ഞാൽ അവർ ഒന്നുകിൽ ജോയിൻ ചെയ്യാനുള്ള സമയം ചോദിക്കും, അല്ലെങ്കിൽ ജോയിൻ ചെയ്തിട്ട് ലീവെടുക്കും. ഇതാണ് ഗ്രാമപ്രദേശങ്ങളിലുള്ള ഒരു ബുദ്ധിമുട്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഏതായാലും ജോയിൻ ചെയ്യാൻ രണ്ടാഴ്ച സമയം കൊടുത്തതിനു ശേഷവും പുതുതായി നിയമിക്കുന്ന ഡോക്ടർമാർ ജോയിൻ ചെയ്തില്ലെങ്കിൽ അവരെ ഗവൺമെൻറ് സർവ്വീസിൽ പ്രവേശിപ്പിക്കുന്നത് തടയാനുള്ള ഏർപ്പാടുകൾ ചെയ്തിരിക്കുകയാണ്. വേക്കൻസി അനുസരിച്ച് ഫില്ലപ്പ് ചെയ്യുവാനുള്ള നടപടികൾ വേഗം സ്വീകരിക്കുന്നതാണ്.

ശ്രീ: പി. പി. തങ്കച്ചൻ : ഏതാണ്ട് ഒരു വർഷത്തിനുമുമ്പായി ഏതാനും ഡിസ്പെൻസറികൾ പബ്ലിക് ഹെൽത്ത് സെൻറുകളാക്കി ഗവൺമെൻറ് ഉയർത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ എൻെറ നിയോജകമണ്ഡലവും അതിൽ ഉൾപ്പെട്ടിട്ടുണ്ട്. അതിൻെറ ബോർഡു മാറിവച്ചുവെന്നല്ലാതെ പുതുതായി സ്റ്റാഫിനെ നിയമിക്കുകയോ, ഡോക്ടർമാരെ നിയമിക്കുകയോ കാർട്ടേഴ്സ് ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. ഇക്കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ പോരായ്മ പരിഹരിച്ചുകൊണ്ട് ഒരു പബ്ലിക് ഹെൽത്ത് സെൻറിനു വേണ്ടിയുള്ള എല്ലാ നടപടിക്രമങ്ങളും ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ബോർഡു മാറ്റുവാൻ മാത്രമല്ല അതിൻെറ പ്രവർത്തന സമ്പ്രദായത്തിൽത്തന്നെ മാറ്റം വരുത്തിയിട്ടുണ്ട്. കെട്ടിടം മാറിയിട്ടില്ല, ബോർഡു മാറിവയ്ക്കണം. ഡിസ്പെൻസറിയും പബ്ലിക് ഹെൽത്ത് സെൻറും മാറുമ്പോൾ 'ഡിസ്പെൻസറി' യെന്നുള്ള ബോർഡു വച്ചിരുന്നതിൻെറ സ്ഥാനത്ത് 'പബ്ലിക് ഹെൽത്ത് സെൻറർ' എന്നുള്ള ബോർഡ് വയ്ക്കണം. അവിടെ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നുണ്ട്. നേരത്തെ പറഞ്ഞതുപോലെ എവിടെയെങ്കിലും സ്റ്റാഫിൻെറ കുറവുണ്ടെങ്കിൽ അത് പരിഹരിക്കാൻവേണ്ട നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീമതി കെ. ആർ. ഗൗരി : പ്രാഥമികാരോഗ്യ കേന്ദ്രമെന്നേ പഠിച്ചിട്ടുള്ളൂ. അദ്ദേഹം ഇപ്പോൾ പറഞ്ഞതെന്താണെന്ന് മനസ്സിലായില്ല.

ശ്രീ. കെ. കരുണാകരൻ : ഡിസ്പെൻസറിയെന്ന് പറഞ്ഞാൽ അവിടെ വരുന്ന രോഗികളെ പരിശോധിച്ച് ചികിൽസിക്കുകയാണ് ചെയ്യുന്നത്. പബ്ലിക് ഹെൽത്ത് സെൻറാണെങ്കിൽ പരിസര ശുചീകരണം, വൈദ്യ സഹായം.....

ശ്രീ. ബേബി ജോൺ : പബ്ലിക് ഹെൽത്ത് സെൻറെന്ന് ഒന്നുണ്ടോ, അതോ പ്രൈമറി ഹെൽത്ത് സെൻറാണോയെന്നാണ് അറിയേണ്ടത് ?

ശ്രീ. കെ. കരുണാകരൻ : പ്രൈമറി ഹെൽത്ത് സെൻറു, പബ്ലിക് ഹെൽത്ത് സെൻറും ഒന്നാണ്. പേരിൻെറ വ്യത്യാസമാണെങ്കിൽ പ്രൈമറി ഹെൽത്ത് സെൻറർ, പബ്ലിക് ഹെൽത്ത് സെൻറർ.

മി. സ്പീക്കർ : എല്ലാം പബ്ലിക്കിനെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

ശ്രീ: കെ. കരുണാകരൻ : വൈദ്യസഹായം, പരിസര ശുചീകരണം, കുടുംബക്ഷേമ പ്രവർത്തനങ്ങൾ, മാതൃശിശു സംരക്ഷണം, ആരോഗ്യ വിദ്യാഭ്യാസം, സാംക്രമിക രോഗങ്ങൾക്ക് എതിരായ നടപടികൾ സ്വീകരിക്കുക, രോഗപ്രതിരോധ കുത്തിവയ്പ് നടത്തുക, ദേശീയ ആരോഗ്യ പദ്ധതികൾ നടപ്പിലാക്കുക എന്നിവയാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നടക്കുന്നത്. എന്നാൽ ഡിസ്പെൻസറികളിലാണെങ്കിൽ അവിടെ വരുന്ന രോഗികളെ ചികിൽസിക്കുക മാത്രമാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ പറഞ്ഞു, ധനലഭ്യതയനുസരിച്ച്, ആവശ്യമനുസരിച്ച്, പദ്ധതിയനുസരിച്ച് ഇതാരംഭിക്കാൻ താൽപര്യമുണ്ടെന്നാണ്. ഇത്

LIBRARY ARCHIVES Kerala Legislative Assembly

'മലർപ്പൊടിക്കാരന്റെ മനോധർമ്മ' ത്തിനനുസരിച്ചുള്ള ഒരു വർത്തമാനമാണ്. ഇത് നടപ്പിലാക്കുവാനുള്ള യാതൊരു പുതിയ പദ്ധതിയുമില്ല. നമ്മുടെ സംസ്ഥാനത്തെ ആശുപത്രികളുടെ ശോചനീയാവസ്ഥ മനസിലാക്കി അത് പരിഹരിക്കുവാനാവശ്യമായ എന്തെങ്കിലും ഒരു തീവ്രയത്ന പരിപാടി മെയന്നുള്ള നിലയിൽ, അത്യാവശ്യം ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ മരുന്നും അതുപോലെ സ്റ്റാഫിന്റെ ദൗർലഭ്യവും പരിഹരിച്ച് ആവശ്യമായ നടപടികളെടുക്കുമോ ? അതുപോലെ പട്ടാമ്പി ആശുപത്രി ഇപ്പോൾ ചോർന്നൊലിക്കുന്നു, വേണ്ടത്ര സ്റ്റാഫില്ല, ബസില്ല. അങ്ങനെ 'ഭാർഗ്ഗവീ നിലയ' മായി മാറിയിട്ടുള്ള ഇത്തരം ആശുപത്രികളിൽ എന്തെങ്കിലും വേണ്ട സംവിധാനങ്ങളുണ്ടാക്കുവാനും ധനലഭ്യതയനുസരിച്ച് ഈ സ്കീം നടപ്പിലാക്കുവാനും ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : ഈ പറഞ്ഞ ആക്ഷേപങ്ങളും വ്യാപകമായി പറയുന്ന അർത്ഥത്തിൽ ശരിയല്ല. ഏതെങ്കിലും സ്ഥലങ്ങളിൽ സ്റ്റാഫിന്റെ ഒഴിവുണ്ടെന്ന് സൂചിപ്പിച്ചാൽ നിയമനം നടത്താവുന്നതാണ്. സാധാരണ നിലയിൽകവിഞ്ഞ അലോട്ടുമെന്റ് ഈ ആശുപത്രികൾക്കുവേണ്ടി ഈ വർഷം അലോട്ടു ചെയ്തിട്ടുണ്ട്. മാത്രമല്ല, ഏതെങ്കിലും കാരണവശാൽ മരുന്ന് അടിയന്തിരമായി വാങ്ങേണ്ടി വന്നാൽ ഡി.എം.ഒ.ക്ക് വാങ്ങാനുള്ള അധികാരവും കൊടുത്തിട്ടുണ്ട്. എല്ലാം "dead" ആണെന്ന് പറയുന്നതിൽ അർത്ഥമില്ല.

ശ്രീ. കെ. പി. രാമൻ : ആതുരർക്ക് ആതുരാലയം എന്ന പദ്ധതിയനുസരിച്ച് ഓരോ നിയോജകമണ്ഡലങ്ങളിലും ഓരോ ആശുപത്രി തുടങ്ങുമെന്നും കേട്ടിരുന്നു. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ഈയിടെ അനുവദിച്ചിട്ടുള്ള പ്രൈമറി ഹെൽത്ത് സെൻറുകൾ അതിന്റെ ഭാഗമാണോ, അല്ലെങ്കിൽ ആതുരർക്ക് ആതുരാലയമെന്ന പദ്ധതിയനുസരിച്ച് ആശുപത്രികൾ തുടങ്ങുവാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : സാമ്പത്തിക സൗകര്യം വന്നുകഴിഞ്ഞാൽ എല്ലാ പഞ്ചായത്തിലും ആശുപത്രികൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. പക്ഷേ ഇന്നത്തെ നിലയിൽ വളരെ പ്രയാസമാണ്.

ശ്രീമതി പി. ദേവൂട്ടി : ഇന്നുതന്നെ എല്ലാ പഞ്ചായത്തുകളിലുമുള്ള ചികിൽസ വളരെ പരിമിതമാണ്. നാട്ടുകാരുടെ സഹായത്തോടുകൂടി ഡിസ്പെൻസറിയോടനുബന്ധിച്ച് ഓരോ പ്രസവ വാർഡ് തുടങ്ങണമെന്നും, അങ്ങനെ 1982-ൽ ഞാനൊരു നിവേദനം സമർപ്പിച്ചതിന്റെ ഫലമായി എന്റെ പഞ്ചായത്തിലെ ഡിസ്പെൻസറിയോടനുബന്ധിച്ച് പത്തു ബെഡ്ഡുകളുള്ള ഒരു പ്രസവ വാർഡ് നാട്ടുകാർ പണി ചെയ്തുകൊടുക്കുകയും ചെയ്തു. ഇത്തരം പ്രസവ വാർഡുകൾ പണിയാൻ നാട്ടുകാരുടെ സഹായത്തോടുകൂടി സാധിക്കും. അങ്ങനെ സന്നദ്ധതയോടുകൂടി മുന്നോട്ടുവന്നാൽ അനുവദിക്കുന്നതിന് സർക്കാർ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : ഇന്ന് നിലവിലുള്ള ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങളുണ്ടാക്കിത്തരാൻ നാട്ടുകാർ മുന്നോട്ട് വരികയാണെങ്കിൽ വളരെ സന്തോഷപൂർവ്വം ഏറ്റെടുത്ത് അതിനുവേണ്ട നടപടികൾ ചെയ്യുന്നതാണ്.

ശ്രീ. കെ. ജി. ആർ. കർത്താ : പ്രാഥമികാരോഗ്യ സെൻറുകൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് സബ്സെന്റേഴ്സ് ആവശ്യമാണ്. പുതുതായി ആരംഭിച്ചിട്ടുള്ള പ്രാഥമികാരോഗ്യ സെൻറിനോട് അനുബന്ധിച്ച് ധാരാളം സബ്സെൻറുകൾ ആരംഭിക്കുവാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : ഫാമിലി പ്ലാനിംഗിന്റെ ഭാഗമായിട്ട് ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ടു് ചെറിയ ചെറിയ യൂണിറ്റുകളായി മാറ്റുന്നുണ്ടു്. അതിന്റെ നടപടികളും തുടർന്നുകൊണ്ടിരിക്കുകയാണു്. ഏതെല്ലാം സ്ഥലത്തു് വേണമെന്നുള്ളതിനെക്കുറിച്ചു് പ്രത്യേകിച്ചു് ചൂണ്ടിക്കാണിക്കുകയാണെങ്കിൽ പുതുതായി അനുവദിക്കുമ്പോൾ ആ സ്ഥലം പരിഗണിക്കുന്നതാണു്.

ശ്രീമതി കെ. ആർ. ഗൗരി : സർ, അങ്ങു് ഒരു ഉത്തരം പറഞ്ഞതിൽ, നാട്ടുകാർ ആരെങ്കിലും വാർഡുകളും പണിതാൽ അതു് സ്വീകരിക്കാൻ തയ്യാറാണെന്നു പറഞ്ഞു. ഞാൻ അങ്ങയോടു് മുമ്പു് എഴുവിന്ന പഞ്ചായത്തിലെ 1949-ൽ തുടങ്ങിയ ഡിസ്പെൻസറിയുടെ കാര്യം പറഞ്ഞിരുന്നു. അവിടെ 1949-ൽ രോഗികളെ കിടത്തി ചികിൽസിക്കുന്നുണ്ടായിരുന്നു. അതു് വാടക കെട്ടിടത്തിലാണു് പ്രവർത്തിച്ചിരുന്നതു്. ഇപ്പോൾ പുതിയതായി ഡിസ്പെൻസറി പണിതപ്പോൾ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യം ഇല്ലാത്തതുകൊണ്ടു് ആ നാട്ടിലെ, ആശുപത്രി വികസന സമിതി ഒരു വാർഡു് പണിതുതരാം എന്നും ആ വാർഡു് കെട്ടുന്നതിനുള്ള അനുവാദം തരണമെന്നും ആവശ്യപ്പെട്ടുകൊണ്ടു് അങ്ങേക്കു് ഞാൻ നേരിട്ടു് ഒരു അപേക്ഷ തന്നു. അങ്ങയോടു് നേരിട്ടു് സംസാരിക്കുകയും ചെയ്തു. പിറേറ ദിവസം ആഫീസർമാരോടു് സംസാരിച്ചു് വിവരം അറിയിക്കാം എന്നു പറഞ്ഞു. ഇതുവരെ അതിനു് ഒരു വിവരം തന്നിട്ടില്ല. ഇപ്പോൾ അവിടെ സമരം തുടങ്ങിയിരിക്കുകയാണു്. എത്രയും വേഗം ഞാൻ തന്ന അപേക്ഷയ്ക്കു് നിയമസഭയിൽ പറഞ്ഞ ഉറപ്പിന്റെ അടിസ്ഥാനത്തിൽ അതിന അനുമതി തരാൻ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : രോഗികളെ കിടത്തി ചികിൽസിക്കാൻ സൗകര്യമുണ്ടായിരുന്ന ഒരു ആശുപത്രി കെട്ടിടം പുതുതായി പണിതു് പ്രവർത്തിച്ചപ്പോൾ അതിനു് സംവിധാനം പോരാത്തതുകൊണ്ടു് കെട്ടിടം കെട്ടിത്തരാൻ നാട്ടുകാർ മുന്നോട്ടു വന്ന അപേക്ഷയാണെങ്കിൽ തീർച്ചയായും അതിനു് ഉടനെ തീരുമാനമെടുത്തു് അറിയിക്കാം. ഹെൽത്തു് ഡിപ്പാർട്ടുമെന്റിന്റെ കാര്യം ബഹുമാനപ്പെട്ട ഗൗരിയമ്മയ്ക്കു് അറിയാവുന്നതാണല്ലോ ?

ശ്രീ. രാഘവൻ പൊഴക്കടവിൽ : ഒരു മലയോര പ്രദേശമായ പാണഞ്ചേരി പഞ്ചായത്തിൽ പീച്ചി മലയുടെ കിഴക്കേ ഭാഗത്തു് 600-ൽപ്പരം ഗിരിവർഗ്ഗക്കാർ ഉണ്ടു്. അവർക്കു് വൈദ്യസഹായത്തിനു് യാതൊരു സൗകര്യവും ഇല്ല. അവർക്കു് വൈദ്യസഹായം കിട്ടണമെങ്കിൽ 12 കിലോമീറ്റർ ദൂരെ പോകണം. അവിടെ വാണിയമ്പാറ കേന്ദ്രമാക്കി പാവപ്പെട്ടവർക്കുവേണ്ടി ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ആദിവാസികളുടെ പ്രത്യേക ആരോഗ്യ സംരക്ഷണ പരിപാടിയുടെ ഭാഗമായിട്ടു് ചില ആശുപത്രികളും അനുവദിക്കുവാൻ പോകുന്നുണ്ടു്. ആ അവസരത്തിൽ ഈ കാര്യം പരിഗണിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കണ്ണൂർ ജില്ലയിൽ തലശ്ശേരിയിലെ കതിരൂരിൽ റൂറൽ ഡിസ്പെൻസറി പ്രൈമറി ഹെൽത്തു് സെൻറായി ഉയർത്തി ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. പി. നൂറുദ്ദീൻതന്നെ വന്നു് അവിടെ ബോർഡു് മാറ്റിവച്ചെങ്കിലും ഇതുവരെയായി പുതുതായി ഒരു പോസ്റ്റും അനുവദിക്കാനോ കൂടുതൽ മരുന്നു് അനുവദിക്കാനോ തയ്യാറായിട്ടില്ല. ഒരു ഡിസ്പെൻസറി പ്രൈമറി ഹെൽത്തു് സെൻറായി ഉയർത്തുമ്പോൾ പുതിയ എത്ര ഡോക്ടർമാരെയാണു് നിയമിക്കേണ്ടതു് ? അതിന്റെ സ്റ്റാഫു് പാറേൺ എന്താണെന്നു് വ്യക്തമാക്കാമോ ?

ശ്രീ. കെ. കരുണാകരൻ : പ്രൈമറി ഹെൽത്ത് സെൻറാണെങ്കിൽ അവിടെ ഉണ്ടാകേണ്ട സ്റ്റാഫ് പാറേൺ, ഒരു അസിസ്റ്റൻറ് സർജൻ, ഒരു ഫാർമസിസ്റ്റ്, ജൂനിയർ പബ്ലിക് ഹെൽത്ത് നെഴ്സ്, നാലു മുതൽ ആറു വരെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ-നാലു മുതൽ അഞ്ചു വരെ ഹെൽത്ത് ഇൻസ്പെക്ടർ—1, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ—1, ക്ലാർക്ക്—1, പ്യൂൺ—1.

ശ്രീ. കെ. സി. ജോസഫ് : കഴിഞ്ഞ വർഷം പ്രൈമറി ഹെൽത്ത് സെൻറായി ഉയർത്തിയ എൻറെ നിയോജകമണ്ഡലത്തിൽ ചെമ്മനക്കാമ്പാറ പ്രൈമറി ഹെൽത്ത് സെൻറിലും മലബാറിലുള്ള പല ഡിസ്പെൻസറികളിലും പി. എച്ച്. സി. കളിലും ഡോക്ടർമാരില്ലാത്തതുകൊണ്ട് പല സ്ഥലങ്ങളിലും സ്ഥാപനങ്ങൾ അടഞ്ഞു കിടക്കുകയാണ്. എൻറെ മണ്ഡലത്തിലാണെങ്കിൽ നടുവിൽ ഡിസ്പെൻസറി, മലക്കപ്പാറ ഡിസ്പെൻസറി ഇവിടെയൊന്നും ഡോക്ടർമാരില്ല. ഇങ്ങനെ ഉയർത്തുന്ന സ്ഥാപനങ്ങളിലും നിലനിന്ന സർക്കാർ സ്ഥാപനങ്ങളിലും ഡോക്ടർമാർ സേവനം അനുഷ്ഠിക്കാത്ത സാഹചര്യം ഒഴിവാക്കാമോ ?

ശ്രീ. കെ. കരുണാകരൻ : ഞാൻ ആദ്യം പറഞ്ഞ ഉത്തരത്തിൻറെ ഭാഗമായി കണ്ണൂർ ജില്ലയെ സംബന്ധിച്ചാണെങ്കിൽ മിക്കവാറും ഡോക്ടർമാർ, പഴയ തിരുവിതാംകൂർ-കൊച്ചി ഏരിയായിൽ നിന്ന് റിക്രൂട്ട് ചെയ്തത് കഴിഞ്ഞ് മലബാറിലേക്ക് പോസ്റ്റ് ചെയ്താൽ പോവുകയില്ല. പോയാൽത്തന്നെ ജോയിൻ ചെയ്തശേഷം ലീവെടുത്തിട്ട് വരും. അതുകൊണ്ട് അതിൻറേതായ ബുദ്ധിമുട്ടുണ്ട്. അടുത്ത കാലത്ത് ഇതിനെക്കുറിച്ച് ഞാൻ കൊടുത്ത നിർദ്ദേശം രണ്ടാഴ്ചക്കുള്ളിൽ ജോയിൻ ചെയ്തിട്ടില്ലെങ്കിൽ അവരുടെ സർവ്വീസ് ടെർമിനേറ്റ് ചെയ്യുക എന്നുള്ളതാണ്. ആ നിലപാട് ഇപ്പോഴും എടുത്തിട്ടുണ്ട്. ഇനി എന്തെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ അതിന് ആവശ്യമായ നടപടികളും സ്വീകരിക്കാം.

ശ്രീ. എം. വി. രാഘവൻ : പുതുതായി പ്രാഥമിക ആരോഗ്യ കേന്ദ്രം തുടങ്ങുമ്പോൾ, മുമ്പ് പ്രാഥമിക ആരോഗ്യ കേന്ദ്രം തുടങ്ങിയ പയ്യന്നൂരുള്ള പാണിപ്പുഴ എന്നു പറയുന്ന സ്ഥലത്ത് കെട്ടിടം നിർമ്മിച്ചു കഴിഞ്ഞിരിക്കയാണ്. അവിടെ മുമ്പ് കെട്ടിടം നിർമ്മിക്കാത്തതു കൊണ്ട് ആ സ്ഥാപനം മറ്റൊരിടത്തേക്ക് മാറ്റി. ആ മാറ്റിയ സ്ഥലത്തു നിന്നും ഇങ്ങോട്ടു മാറ്റുക എന്നു പറഞ്ഞാൽ നാട്ടുകാർ തമ്മിൽ സംഘർഷമുണ്ടാകും. അതുകൊണ്ട് ആ കെട്ടിടം നിർമ്മിച്ച് ആദ്യം തുടങ്ങാൻ നിശ്ചയിച്ച സ്ഥലത്ത് ഒരു പ്രത്യേക പരിഗണന നൽകി പുതുതായിട്ട് ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ : പുതിയ കെട്ടിടം പണിയാൻ ആരംഭിക്കുമ്പോൾ സ്ഥലം കിട്ടുന്നതിന് നിലവിലുള്ള ആശുപത്രിയുടെ പരിസരത്ത് സ്ഥലം കിട്ടാതെ വരുമ്പോഴാണ് മറ്റു സ്ഥലങ്ങൾ അന്വേഷിക്കേണ്ടി വരുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച അതേ സ്ഥലത്തു കെട്ടിടം പണിയാൻ തയ്യാറുണ്ടെങ്കിൽ തീർച്ചയായും അതിന് മുൻഗണന കൊടുക്കുന്നതാണ്.

ശ്രീ. എം. കെ. കേശവൻ : വൈക്കത്ത് ഇടയാഴ ഹെൽത്ത് സെൻറിൽ കൂടുതൽ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള പുതിയ കെട്ടിടം പണിയുകയും സ്റ്റാഫിനു താമസിക്കുവാൻ ആവശ്യമായ ക്വാർട്ടേഴ്സ് പണിത് പൂർത്തിയാക്കുകയും ചെയ്തിട്ട് വർഷങ്ങളായി. അന്നത്തെ ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ. രാമചന്ദ്രൻ നായർ വന്ന് അതിൻറെ ഉൽഘാടനം ചെയ്തപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത്, രണ്ടാഴ്ചയ്ക്കുള്ളിൽ അവശ്യമുള്ള സ്റ്റാഫിനെ നിയമിക്കാമെന്നാണ്. ഇതുവരെയായി സ്റ്റാഫിനെ നിയമിക്കാത്തതുകൊണ്ട് രോഗികളെ കിടത്തി ചികിൽസിക്കുവാൻ സൗകര്യമില്ലാതെ പുതിയ കെട്ടിടം കാലിക്കുപ്പികളും സൂക്ഷിക്കുന്ന ഗോഡൗണുകളായി മാറിയിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി അവിടെ സ്റ്റാഫിനെ നിയമിക്കുവാനുള്ള നടപടി സ്വീകരിക്കാമോ ?

ശ്രീ. കെ. കരുണാകരൻ : മൊത്തം എടുത്താൽ സ്റ്റാഫ് കൂടുതലുള്ളതുകൊണ്ട് അത് ഡിപ്ലോയ് ചെയ്യണമെന്ന് പറഞ്ഞു. എവിടെയെല്ലാമാണ് കൂടുതൽ സ്റ്റാഫ് ഉണ്ടെന്നുള്ളത് പരിശോധിച്ച് ഡിപ്ലോയ് ചെയ്യണമെന്ന് പറഞ്ഞത്. ഒരു നിർദ്ദേശം കൊടുത്തു. അത് വളരെ സാവകാശം നീങ്ങുകയാണ്. അതുകൊണ്ട് ഏറ്റവടുത്ത ചില ഡിസ്പെൻസറികളിൽ തന്നെ നിയമനം നടന്നിട്ടില്ലെന്നു പറഞ്ഞ് പരാതി കിട്ടിയിട്ടുണ്ട്. അതുകൊണ്ട് നാമമാത്രമായെങ്കിലും ആവശ്യമായ തസ്തികകൾ കൊടുത്ത് ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. സി. ടി. കൃഷ്ണൻ : പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഉച്ചക്ക് ശേഷം ഡോക്ടർമാർ പോകാറില്ല, അവിടെ ഉച്ചയ്ക്കുശേഷം ചികിൽസ നടക്കാറില്ല. നിരവധി രോഗികൾ ഉച്ചയ്ക്ക് പോയിട്ട് ചികിൽസ ലഭിക്കാതെ തിരിച്ചു പോവുകയാണ് ചെയ്യുന്നത്. ഈ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാർ പാർട്ട് ടൈം ആണോ ? അങ്ങനെ പാർട്ട് ടൈം ആണെങ്കിൽ അതിനു പകരം ഡോക്ടർമാരെ വച്ചിട്ടില്ല. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ഉച്ചയ്ക്കുശേഷം ഡോക്ടർമാരെ വയ്ക്കണം. വടക്കഞ്ചേരി, കണ്ണമ്പ്ര, പഴമ്പാലക്കോട് പ്രൈമറി പെൽത്ത് സെന്ററുകളിൽ ഒന്നും തന്നെ ഉച്ചയ്ക്കുശേഷം ഡോക്ടർമാരില്ല. അതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഇങ്ങനെയുള്ള പരാതികൾ ഉണ്ട്. എല്ലാ സ്ഥലത്തും ഫുൾടൈം ഡോക്ടർമാരെ നിയമിക്കുവാനുള്ള സ്ഥിതി ഇല്ലാത്തതുകൊണ്ട് ഇന്നുള്ള നിലയിൽ മാറ്റം വരുന്നത്, ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ കൺവർട്ട് ചെയ്ത് വരുമ്പോൾ ആവശ്യമുള്ള പുതിയ തസ്തികകൾ ഉണ്ടാക്കാം. ഭാഗികമായിട്ട് പാർട്ട് ടൈം ഡോക്ടർമാരുണ്ട്. ഫുൾടൈം ഇല്ലാത്ത ഡിസ്പെൻസറികളുണ്ട്. ഒന്നിലധികം സ്ഥലത്ത് അവർക്ക് പോകേണ്ടി വരുന്നുണ്ട്. അത് അവരുടെ കുറ്റംകൊണ്ടല്ല. ആളില്ലാത്തതുകൊണ്ടും സ്ട്രെങ്തില്ലാത്തതുകൊണ്ടും ഒന്നിലധികം സ്ഥലങ്ങളിൽ അവർക്ക് പോകേണ്ടി വരുന്നുണ്ട്. അതുകൊണ്ട് ഒരു സ്ഥലത്ത് മുഴുവൻ സമയവും അവർക്ക് ഇരിക്കുവാൻ സാധിക്കുന്നില്ല.

ശ്രീ. ജി. വരദൻ : ആദിവാസി മക്കളും അരിജനങ്ങളും അധികമായ ഉള്ള മാങ്കുളം, വട്ടവട പോന്ന ഇടങ്ങളിൽ മരുത്തുവമനയോ മരുന്നോ കിടയാതു. അവർകളുക്കു നോയ് വന്താൽ മരുന്തു വാങ്ക മുടിയാതു. ആകയാൽ മതിപ്പിർകുരിയ മുതലമൈച്ചർ അവർകൾ. ഇന്ത പിൻതങ്കിയ പകുതിയിൽ ഒരു മരുത്തുവമനക്കു അനുമതി കൊടുപ്പതർകു തേവൈയാൻ നടവടിക്കൈകളൈ എടുപ്പാർകളാ ?

ശ്രീ. കെ. കരുണാകരൻ : സാമ്പത്തികസ്ഥിതി അനുസരിച്ച് പുതിയ സ്ഥലങ്ങൾ അനുവദിക്കുമ്പോൾ തീർച്ചയായിട്ടും പരിഗണിക്കാം.

ശ്രീ. കെ. ടി. കുമാരൻ : പിന്നോക്ക ജില്ലയായ കാസർകോട് വാഹന സൗകര്യം ഇല്ലാത്തതും അതുപോലെ പട്ടികജാതി പട്ടിക വർഗ്ഗക്കാർ അധിവസിക്കുന്നതുമായ പ്രദേശങ്ങളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ആവശ്യമാണെന്നുള്ളത് ഗവൺമെന്റ് അംഗീകരിച്ചിട്ട് ഇന്നേവരെ അത്തരം പ്രദേശ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ മരുന്നോ ഡോക്ടർമാരോ ഇല്ലെന്നുള്ളത് ഒരു സത്യമാണ്. വേളൂർ പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെൻററിൽ നാട്ടുകാർ ഡോക്ടർക്ക് സ്റ്റാഫിനും താമസിക്കുന്നതിനുവേണ്ടി 50,000 രൂപ ചെലവഴിച്ച് പുതിയ കെട്ടിടം ഉണ്ടാക്കി കൊടുത്തു. എന്നിട്ട് ഇതേവരെ ഒരു ഡോക്ടറെ അവിടെ നിയമിക്കുവാൻ ഗവൺമെൻറിന് കഴിഞ്ഞില്ല. ഈ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് രേഖാമൂലം എഴുതികൊടുത്തിട്ടും സാമാന്യ മര്യാദ എന്ന നിലയിൽ അതിനുവേണ്ട ഒരു മറുപടിപോലും തരാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല.

ശ്രീ. കെ. കരുണാകരൻ : കെട്ടിടം കെട്ടിക്കഴിഞ്ഞതുകൊണ്ടു മാത്രമായി ഡോക്ടർക്ക് സാങ്ഷൻ കിട്ടുമെന്നില്ല. സ്ഥാപനത്തിന് സാങ്ഷനുണ്ട്, പോസ്റ്റുണ്ടെങ്കിൽ മാത്രമേ കിട്ടുകയുള്ളൂ. ഒരു കെട്ടിടം കെട്ടി ഉടനെ ഡോക്ടറെ നിയമിക്കുവാൻ ഗവൺമെൻറിന് കഴിയുകയില്ല. അതിന് ചില വ്യവസ്ഥകളുണ്ട്.

ടൂറിസ്റ്റ് വാരാഘോഷം

* 4 [4] ശ്രീ. കെ. കെ. ബാലകൃഷ്ണൻ :
,, പി സീതിഹാജി :
,, സിറിയക് ജോൺ :
,, എ. സി. ഷൺമുഖദാസ് :
,, കെ. ശങ്കരനാരായണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ ഓണാഘോഷം (ടൂറിസം വാരാഘോഷം) ഏതെല്ലാം സ്ഥലങ്ങളിലാണ് നടത്തിയത് ;

(ബി) സർക്കാരിന് ഇതിനുവേണ്ടി ആകെ എന്തു തുക ചെലവായി

(സി) ഓരോ ജില്ലയ്ക്കും അലോട്ടു ചെയ്ത തുക എത്ര ;

(ഡി) ഓണാഘോഷ സമയത്ത് എത്ര വിദേശ ടൂറിസ്റ്റുകൾ കേരളം സന്ദർശിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ഇ) ടൂറിസ്റ്റ് വാരാഘോഷത്തിൽനിന്ന് വരുമാനം എന്തെങ്കിലും കിട്ടിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എത്ര ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) കേരളത്തിലെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും വിനോദ സഞ്ചാര വാരാഘോഷം ഓണക്കാലത്ത് നടത്തി.

(ബി) ഈ വർഷത്തെ വിനോദസഞ്ചാര വാരാഘോഷത്തിനായി 40.05 ലക്ഷം (നാല്പതു ലക്ഷത്തി അയ്യായിരം) രൂപയാണ് ഗവൺമെൻറിൽനിന്ന് അനുവദിച്ചത്. ഇതിൽ എന്തു തുക ചെലവായി എന്നതു സംബന്ധിച്ച് എല്ലാ ആഘോഷകേന്ദ്രങ്ങളിൽനിന്നുമുള്ള കണക്കുകൾ പൂർത്തിയാക്കി കിട്ടിയ ശേഷം മാത്രമേ പറയാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly